<u>പത്രക്കുറിപ്പ്</u>

**ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2025-2026**
**ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.**

ക്ഷീര വികസന വകുപ്പിന്റെ 2025-2026 സാമ്പത്തിക വർഷത്തിലെ പുൽകൃഷി വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, മിൽക്ക് ഷെഡ് വികസനം, ക്ഷീരഗ്രാമം തുടങ്ങിയ പദ്ധതികൾക്ക് നിലവിൽ അപേക്ഷകർ ഇല്ലാത്ത ക്ഷീരവികസന യൂണിറ്റ് പരിധിയിലെ താൽപര്യമുള്ളവരിൽനിന്നും ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. 2026 ജനുവരി മാസം 6-ാം തീയതി മുതൽ 15-ാം തീയതി വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.